LIBRARY ARCHIVES Kerala Legislative Assembly

ചാലക്കുടി വെറ്ററിനറി ആശുപത്രി

215 (1585) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ചാലക്കുടി വെറ്ററിനറി ആശുപത്രിയെ പോളി ക്ലിനിക്കായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ആവശ്യമായ ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിച്ചും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും പ്രസ്തുത ആരോഗ്യ കേന്ദ്രത്തെ പോളി ക്ലിനിക്കായി ഉയർത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന ശിപാർശ ആയതിനാൽ ചാലക്കുടി വെറ്ററിനറി ആശുപത്രി പോളി ക്ലിനിക്കായി ഉയർത്തണമെന്ന ശിപാർശ പരിഗണിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

കോഴിക്കോട് ജില്ലാ മൃഗാശുപത്രിക്ക് പുതിയ കെട്ടിടം

216 (1586) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കോഴിക്കോട് ജില്ലാ മൃഗാശുപത്രിക്ക് ആധുനിക സൗകര്യങ്ങളോടു കൂടിയ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലാ വെറ്ററിനറി കേന്ദ്രത്തിന് മൾട്ടി സ്പെഷ്യാലിറ്റി കോംപ്ലക്സ് നിർമ്മിക്കുന്നതിനായുള്ള ശിപാർശ 14-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിരുന്നുവെങ്കിലും ആയത് ലഭിച്ചില്ല.

കോഴിക്കോട് ജില്ലാ മൃഗാശുപത്രിയുടെ കെട്ടിടം പുനർനിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറിൽ നിന്ന് എസ്റ്റിമേറ്റ് ലഭിക്കുന്നമുറയ്ക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കെട്ടിടം പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്.